**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3104** **13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ; നിർമ്മാണത്തിലുള്ള ക്രമക്കേട് പുറത്ത് കൊണ്ടുവരുന്നതിന് പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം പര്യാപ്തമാണോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതികളും ക്രമക്കേടുകളും തടയുന്നതിലേക്കായി ശക്തമായ ഒരു ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 4 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല ഓഫീസും 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ വിജിലൻസ് ഓഫീസും നിലവിലുണ്ട്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. വകുപ്പിൽ ലഭിക്കുന്ന പരാതികളും സർക്കാരിൽ നിന്നും ലഭ്യമാകുന്ന പരാതികളുമെല്ലാം തന്നെ സമയബന്ധിതമായി അന്വേഷിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നുണ്ട്. കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ വഴി ലഭിക്കുന്ന റിപ്പോർട്ടുകളിന്മേലും അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളിന്മേലും ആഭ്യന്തര വിജിലൻസ് സംവിധാനം അന്വേഷണം നടത്തി നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ക്രമക്കേട് നടക്കുന്നതായി വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ചില പ്രവൃത്തികളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | വിജിലൻസ് വിഭാഗം റിപ്പോർട്ടിന്റെ | (സി) | പൊതുജനങ്ങൾ, ധനകാര്യ പരിശോധനാ വിഭാഗം, |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ മുഖേന ലഭ്യമാകുന്ന പരാതികളിന്മേൽ സമഗ്രമായ അന്വേഷണം നടത്തി വിജിലൻസ് വിഭാഗം ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച്, ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഗുരുതര വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകാറുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയുടെ പരിപാലന കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽ തന്നെ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ